"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കണ്ണൂർ ജില്ല – പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് - 2010-11, 2011-12 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3.11 - തടസ്സപ്പെടുത്തിയ തുക - സാധൂകരണം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ ( എ ബി ) വകുപ്പ്**

സ.ഉ.(സാധാ) നം.1183/2023/LSGD തീയതി,തിരുവനന്തപുരം, 07-06-2023

---

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 02.02.2022 ലെ പി എ എൻ/1497/2022- എം3 ( ഡി പി ) നമ്പർ കത്ത്
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 06.02.2023 ലെ ഡി.കെ.എസ്.എ 1578/പി.റ്റി3(പി.റ്റി2)/2022 നമ്പർ കത്ത്

**ഉത്തരവ്**

കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിൽ ഗ്രാമീണ കലാ സാംസ്കാരിക പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി 2 കലാസമിതികൾക്ക് വാർഷികാഘോഷപരിപാടികൾക്കായി തനത് ഫണ്ടിൽ നിന്നും ക്രമപ്രകാരമല്ലാതെ അനുവദിച്ച 20,000/- രൂപ 2010-11, 2011-12 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-11 പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു.

2. ഇതു സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയിട്ടുള്ള റിപ്പോർട്ടിൽ ഗ്രാമീണ കലാസാംസ്കാരിക പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഗ്രാമസഭകൾ, വികസന സെമിനാർ എന്നിവയിൽ നിന്നും വന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി തീരുമാനപ്രകാരം 2010-2011 വാർഷികപദ്ധതിയിൽ പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾക്ക് തനതുഫണ്ട് നീക്കിവെച്ചതിനുശേഷം മിച്ച ഫണ്ട് കണക്കാക്കിയാണ് പ്രൊജക്ട് തയ്യാറാക്കിയിട്ടുള്ളതെന്നും തികച്ചും സദുദ്ദേശ്യത്തോടെ നടപ്പിലാക്കിയ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്നും ധനദുരുപയോഗം നടന്നിട്ടില്ലെന്നു ഗ്രാമപഞ്ചായത്ത് ഭരണസമിതിക്ക് ബോധ്യപ്പെട്ടിട്ടുള്ളതും, കണ്ണൂർ ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് സമിതി ഈ ചെലവിന് സർക്കാർ സാധൂകരണത്തിനായി ശുപാർശ ചെയ്തിട്ടുള്ളതുമാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ തടസ്സപ്പെടുത്തിയ തുകയ്ക്ക് സാധൂകരണം നൽകണമെന്ന് പരാമർശം (1) പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശുപാർശ സമർപ്പിച്ചിട്ടുണ്ട് .

3. പരാമർശ ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് 23.11.2021 ലെ ജില്ലാതല ഓഡിറ്റ് മോണിട്ടറിംഗ് സമിതി (നം.42/41) ശിപാർശ ചെയ്തിട്ടുള്ളതിനാലും, തടസ്സം ഒഴിവാക്കുന്നതിന് സർക്കാർ സാധൂകരണം ലഭ്യമാക്കാൻ ഓഡിറ്റ് റിപ്പോർട്ടിലും അനന്തരഭിപ്രായക്കുറിപ്പിലും നിർദ്ദേശിച്ചിട്ടുള്ളതിനാലും പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2010-2011,2011-2012 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-11 ലെ പരാമർശത്തിന് സാധൂകരണം നൽകുന്നതിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് എതിരഭിപ്രായമില്ലെന്ന് പരാമർശം ( 2 ) പ്രകാരം

സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട് .

4. സ ർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു . പഞ്ചായത്ത് ഡയറക്ടർ, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ എന്നിവരുടെ ശുപാർശ പരിഗണിച്ചും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ കണക്കിലെടുത്തും തടസ്സം ഒഴിവാക്കുന്നതിന് സർക്കാർ സാധൂകരണം ലഭ്യമാക്കാൻ ഓഡിറ്റ് റിപ്പോർട്ടിലും അനന്തരഭിപ്രായക്കുറിപ്പിലും നിർദ്ദേശിച്ചിട്ടുള്ളതിനാലും കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2010-11, 2011-12 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.11 പ്രകാരം തടസ്സപ്പെടുത്തിയ 20,000/- രൂപയുടെ ( ഇരുപതിനായിരം രൂപ മാത്രം ) ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബീന പി എസ്

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ( റൂറൽ ) തിരുവനന്തപുരം

സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്, കണ്ണൂർ

അക്കൗണ്ടന്റ് ജനറൽ ( എ & ഇ/ഓഡിറ്റ് ) കേരള , തിരുവനന്തപുരം

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )

വെബ് & ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി )

സ്റ്റോക്ക് ഫയൽ / ഓഫീസ് പകർപ്പ് ( LSGD-AB2/47/2022-LSGD )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ